കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഒളവട്ടൂർ കേന്ദ്രമാക്കി പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി

129. [896] ശ്രീ. കെ.എൻ.എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഒളവട്ടൂർ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50,000-ത്തിൽ അധികം ജനസംഖ്യയും 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണവും, തനത് ഫണ്ട് സ്വരൂപിക്കാൻ ശേഷിയുള്ളതുമായ ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ ഒളവട്ടൂർ ഉൾപ്പെടുന്ന പുളിക്കൽ പഞ്ചായത്ത് ഉൾപ്പെടാതിരുന്നതിനാൽ പ്രസ്തുത പഞ്ചായത്ത് വിഭജിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികകൾ

130. [897] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എറണാകുളം ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

ഉത്തരം

എറണാകുളം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ 39 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആരോഗ്യ വകുപ്പിലെ ക്രമക്കേടുകൾ

131. [898] ശ്രീ. ടി.കെ. ദേവകുമാർ :
,, പി. ജയരാജൻ :
,, രാജു എബ്രഹാം :
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യവകുപ്പിൽ നടക്കുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പൊതുസ്ഥലംമാറ്റം, മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പൊതു സ്ഥലംമാറ്റത്തിലും നിയമനത്തിലും മരുന്നു വാങ്ങുന്നതിലും ഉപകരണങ്ങൾ വാങ്ങിയതിലും നടന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാരിന് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യ വകുപ്പിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് പ്രതിപക്ഷ നേതാവ് രേഖാമൂലം നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പിലെ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിശോധിക്കുന്നതിനായി ജില്ലാ/സംസ്ഥാനതല ആഡിറ്റ് വിഭാഗം നിലവിലുണ്ട്. ആശുപത്രി സ്റ്റോറുകളുടെയും ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെയും പരിശോധനക്കായി ജില്ലാ/സംസ്ഥാനതല സ്റ്റോർ വെരിഫിക്കേഷൻ വിഭാഗവും പ്രവർത്തിക്കുന്നു. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറലിന്റേയും ധനകാര്യ വകുപ്പിന്റേയും പരിശോധനാ വിഭാഗവും പരിശോധന നടത്തുന്നുണ്ട്.

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ വരുന്ന എല്ലാ വകുപ്പുകളിലേയും പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി 2005-06 കാലയളവ് മുതൽ പുതിയ മരുന്ന് വാങ്ങൽ നയം രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. സ്റ്റോർസ് പർച്ചെയ്സ് നിയമങ്ങൾക്ക് വിധേയമായിട്ടാണ് ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നത്. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്ന പ്രക്രിയ കുറ്റമറ്റതും, കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനുവേണ്ടി ഒരു നയം പ്രഖ്യാപിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു.

(സി) 2002-03 കാലയളവിൽ പേ വിഷബാധക്കെതിരായ വാക്സിൻ, ഹെപ്പറ്റൈറ്റിസ് വാക്സിൻ, ക്ഷയരോഗ ചികിത്സയ്ക്കുള്ള സൈക്ലോസെറിൻ എന്ന മരുന്ന് തുടങ്ങിയവ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നു എന്ന ആരോപണം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പേ വിഷ ബാധയ്ക്കെതിരായ വാക്സിൻ, ഹെപ്പറ്റൈറ്റിസ് വാക്സിൻ തുടങ്ങിയവ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നു എന്ന ആരോപണത്തിൻമേൽ വിജിലൻസ് വകുപ്പ് വിശദമായ അന്വേഷണം നടത്തിവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയും കൈക്കൊണ്ടിട്ടുണ്ട്. പേ വിഷബാധക്കെതിരായ വാക്സിൻ വാങ്ങിയതിൽ ഉള്ള ക്രമക്കേടുകളെ സംബന്ധിച്ച് നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ ക്ഷയരോഗ ചികിത്സക്കുള്ള സൈക്ലോസെറിൻ എന്ന മരുന്ന് വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന ആരോപണവും വിജിലൻസ് അന്വേഷിക്കുന്നുണ്ട്.

(ഇ) പ്രതിപക്ഷ നേതാവ് നൽകിയ പരാതി സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ പ്രൊഫഷണൽ ദന്തൽ കോളേജ് പ്രവേശനം

132. [899] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തീരുമാനിച്ചതിലധികം തുക ഏതെങ്കിലും മാനേജ്മെന്റ് വിദ്യാർത്ഥികളിൽനിന്നും അധികമായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായി സർക്കാർ ഏതെങ്കിലും നിലയിൽ അന്വേഷണം നടത്തുകയുണ്ടായോ ?

ഉത്തരം

(എ) 2004-05 അദ്ധ്യയന വർഷം മുതൽ ജസ്റ്റീസ് കെ.റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസാണ് സ്വാശ്രയ കോളേജുകളിൽ ബി.ഡി.എസ്. കോഴ്സിന് നിലവിലുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം

133. [900] ശ്രീ. സി.കെ. നാണു :
" എ.സി. ഷൺമുഖദാസ് :
" കെ.പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :